(സി) കിൻഫ്രയുടെ പാർക്കിൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കുന്നത് 15-1-2003-ലെ ജി. ഒ. (എം. എസ്.) 12/2003/വ്യവ. നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഒരു പ്രൈസിംഗ് കമ്മിറ്റിയാണ്. വാടക നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം കെട്ടിടം നിർമ്മിക്കാൻ ആകെ ചെലവായ മൂലധനത്തിന്റെ അടിസ്ഥാനത്തിലും അവ തിരിച്ചുലഭിക്കത്തക്ക രീതിയിലുമാണ്.

(ഡി) "ബി" പിരിവിലെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

മലബാർ സിമന്റ്സിൽ പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ

7 [3014] ശ്രീ. കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മമ്മൂട്ടി:

,, പി. കെ. കെ. ബാവ:

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മസ്ദൂർ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്.;

(സി) പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ ഈ ഗവൺമെന്റ് വന്നപ്പോൾ തിരിച്ചെടുത്തിട്ടുണ്ടോ;

(ഡി) പുനർ നിയമനം നൽകിയെങ്കിൽ അവർക്ക് ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നൽകാൻ അടിയന്തിര നടപടി എടുക്കുമോ?.

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. 28 തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പുനർനിയമനം നൽകിയ ഇവർക്ക് ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നൽകാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല.

മലബാർ സിമന്റ്സിലെ നിയമനം

8 [3015] ശ്രീ. കളത്തിൽ അബ്ദുള്ള:

,, സി. മമ്മൂട്ടി:

,, സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly